# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.994** **10.08.2017-ൽ മറുപടിക്ക്**

## കെ.എസ്.ടി.പി വഴി നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **ശ്രീ.ജി.സുധാകരൻ (ബഹു.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ടി.പി വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കെ.എസ്.റ്റി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) അതിൽ പദ്ധതി തുകയിൽ കൂടുതൽ തുക ചെലവുവന്നിട്ടുള്ളവ ഏതെല്ലാം; വിശദമാക്കാമോ; | (ബി) പദ്ധതി പൂർത്തീകരിച്ചതിനുശേഷമേ ആകെ ചെലവായ തുക നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. 2016-17-ൽ തുടങ്ങിയ തലശ്ശേരി - വളവുപാറ റോഡ് നിർമ്മാണവും കഴക്കൂട്ടം-ആട്ടൂർ റോഡ് സുരക്ഷാ പദ്ധതിയും ഒഴിച്ച് എല്ലാ റോഡ് പ്രവൃത്തികളും അന്തിമഘട്ടത്തിലാണ്. |
| (സി) കെ.എസ്.ടി.പി പദ്ധതികളിൽ അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ടി.പി പ്രോജക്ടുകൾ ലോകബാങ്ക് അംഗീകാരമുള്ള ബിഡ് ഡോക്യുമെന്റ്സ് ഉപയോഗിച്ച് സുതാര്യമായ ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് നടത്താറുള്ളത്. 200 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾ National Competitive Bidding പ്രകാരവും അതിനു മുകളിലുള്ള പ്രവൃത്തികൾ International Competitive Bidding പ്രകാരവുമാണ് നടത്താറുള്ളത്. ഇതിന്റെ ഭാഗമായി NCB പ്രവൃത്തികൾ 3 National Daily പത്രങ്ങളിലും, ICB പ്രവൃത്തികൾ 3 നാഷണൽ പത്രങ്ങൾക്ക് പുറമെ UNDB-യിലും പരസ്യപ്പെടുത്താറുണ്ട്. ലോകബാങ്ക് അംഗീകരിച്ചിട്ടുള്ള ക്വാളിഫിക്കേഷൻ ഉള്ള കോൺട്രാക്ടേഴ്സിന് മാത്രമെ ഇത്തരം പ്രവൃത്തികൾ നൽകാറുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും |
|---|---|
| UG-1 | കാസർകോട് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.) |
| UG-2 | പിലാത്തറ - പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.) |
| UG-3A | തലശ്ശേരി - കളറോഡ് റോഡ് (28.80 കി.മീ.) |
| UG-3B | കളറോഡ് - വളവുപാറ റോഡ് (25.20 കി.മീ.) |
| UG-4 | ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ.) |
| UG-4A | തിരുവല്ല ബൈപ്പാസ് (2.3കി.മീ.) |
| UG-5 | ഏറ്റുമാനൂർ- മൂവാറ്റു പുഴ റോഡ് (40.96 കി.മീ.) |
| UG-6 | പൊൻകുന്നം -തൊടുപുഴ റോഡ് (83 കി.മീ) |
| UG-7 | പുനലൂർ -പൊൻകുന്നം റോഡ് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ (82 കി.മീ) |
| UG-8 | പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി.മീ) |
| | സേഫ് കോറി ഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം-തൈക്കോട്-അടൂർ റോഡിൻെറ ബി.സി ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും.(80. കി.മീ) |

S. Brinda

സെക്ഷൻ ഓഫീസർ